# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3031 07.11.2019 ൽ മറുപടിക്ക്**

### കിഫ്ബിയിൽ ഉൾപ്പെട്ട കാസർഗോഡ് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ എത്ര പൊതുമരാമത്ത് പ്രവൃത്തികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | നാല് പ്രവൃത്തികൾ |
| (ബി) | ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | 1. കിഫ്ബി 2016-17 കല്ലടക്ക-ചെർക്കള റോഡ് നവീകരണം കി.മീ. 33/000 മുതൽ കി.മീ. 52/194 വരെ - 39.76 കോടി<br>2. കിഫ്ബി 2017-18 ബദിയടുക്ക-ഏത്തടുക്ക-സുള്ള്യപദവ് റോഡ് നവീകരണം കി.മീ. 0/000 മുതൽ 20/000 - 45.47 കോടി<br>3. കിഫ്ബി 2017-18 – നെക്രാംപാറ – അർലടക്ക – പൂണ്ടൂർ - നേരംപാടി - യേത്തടക്ക റോഡ് നവീകരണം കി.മീ. 0/000 മുതൽ 11/600 വരെ (29.55 കോടിയുടെ ഡിപിആർ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടില്ല)<br>4. ഓടൻകല്ല് പാലം - ഡിപിആർ തയ്യാറാക്കി വരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കാൻ ബാക്കിയുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദമാക്കുമോ; | (സി) | മേൽപ്പറഞ്ഞ ഒരു പ്രവൃത്തിയും പൂർത്തിയാക്കിയിട്ടില്ല. |
| (ഡി) | പൂർത്തീകരിക്കാൻ കഴിയാത്തതിനും പ്രവൃത്തികൾ തുടങ്ങിയിട്ടില്ലാത്ത പദ്ധതികളുണ്ടെങ്കിൽ അതിനും കാരണമെന്താണെന്ന് വ്യക്തമാക്കാമോ ? | (ഡി) | മുകളിൽ സൂചിപ്പിച്ച ക്രമനമ്പർ 1 പ്രകാരമുള്ള പ്രവൃത്തിയിൽ മന്ദഗതിയിലുള്ള പുരോഗതിയും, പ്രവൃത്തിയുടെ നിലവാരത്തിൽ ചില അപാകതയും |

ശ്രദ്ധയിൽപ്പെട്ടതിനാൽ, കിഫ്ബിയുടെ സാങ്കേതിക വിഭാഗത്തിന്റെ പരിശോധനയുടെ അടിസ്ഥാനത്തിൽ താൽക്കാലികമായി പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. അപാകതകൾ പരിഹരിച്ച് ഉടൻതന്നെ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നു.

ക്രമനമ്പർ 2 പ്രകാരമുള്ള പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്.

ക്രമനമ്പർ 3 പ്രകാരമുള്ള പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിക്കായി 29.55 കോടി രൂപയുടെ ഡി.പി.ആർ സമർപ്പിച്ചിട്ടുണ്ട്.

ക്രമനമ്പർ 4 പ്രകാരമുള്ള പ്രവൃത്തിയുടെ ഡിപിആർ തയ്യാറാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**